**മധുരമായ കുട്ടികളേ - ഈ കണ്ണുകൾകൊണ്ട് എന്തെല്ലാം കാണുന്നുണ്ടോ അതെല്ലാം പഴയ ലോകത്തിന്റെ സാമഗ്രികളാണ്, ഇത് സമാപ്തമാകുന്നതാണ്, അതുകൊണ്ട് ഈ ദുഃഖധാമത്തെ ബുദ്ധികൊണ്ട് മറക്കൂ...**

**ചോദ്യം:-** മനുഷ്യർ ബാബയുടെ മേൽ ഏതൊരു ദോഷമാണ് ആരോപിക്കുന്നത് എന്നാൽ അത് ആരുടെയും ദോഷമല്ല?

**ഉത്തരം:-** ഇത്രയും വലിയ വിനാശമാണോ സംഭവിക്കുന്നത്,അത് ഭഗവാൻ ചെയ്യിപ്പിക്കുന്നതെന്നാണ് മനുഷ്യർ മനസ്സിലാക്കുന്നത്, ദുഃഖം നൽകുന്നതും ഭഗവാനാണ്, സുഖവും ഭഗവാനാണ് നൽകുന്നത്. ഇത് വളരെ വലിയ ദോഷം ആരോപിക്കലാണ്. ബാബ പറയുന്നു - കുട്ടികളേ, ഞാൻ സദാ സുഖദാതാവാണ്, എനിക്കാർക്കും ദുഃഖം നൽകാൻ സാധിക്കില്ല. അഥവാ ഞാൻ വിനാശം ചെയ്യിപ്പിക്കുകയാണെങ്കിൽ മുഴുവൻ പാപവും എന്റെ മേൽ വരും. ഇതെല്ലാം ഡ്രാമയനുസരിച്ച് സംഭവിക്കുന്നതാണ്, ഞാൻ ചെയ്യിപ്പിക്കുന്നില്ല.

**ഗീതം:-** രാത്രിയിലെ യാത്രക്കാരാ....

**ഓം ശാന്തി.** കുട്ടികൾക്ക് പഠിപ്പിക്കുന്നതിന് വേണ്ടിയുള്ള ഗീതങ്ങളും വളരെ നല്ലതാണ്. ഗീതത്തിന്റെ അർത്ഥം പറഞ്ഞുകൊണ്ട് വാണി തുറക്കും. നമ്മളെല്ലാവരും പകലിന്റെ യാത്രയിലാണ്, രാത്രിയുടെ യാത്ര പൂർത്തിയാവുകയാണെന്ന് കുട്ടികളുടെ ബുദ്ധിയിലുണ്ട്. രാത്രിയിലെ യാത്ര ഭക്തിമാർഗ്ഗത്തിലാണ്. ഈ യാത്ര ഒരു തവണ മാത്രമാണ് ചെയ്യുക. നിങ്ങൾക്കറിയാം ,ഓർമ്മയുടെ യാത്രയിലൂടെ നമ്മൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറി പിന്നീട് സതോപ്രധാന സത്യയുഗത്തിലെ അധികാരിയായി മാറുന്നു. സതോപ്രധാനമാകുന്നതിലൂടെ സത്യയുഗത്തിലെ അധികാരിയും, തമോപ്രധാനമാകുന്നതിലൂടെ കലിയുഗത്തിലെ അധികാരിയുമായി മാറുന്നു. അതിനെ സ്വർഗ്ഗമെന്ന് പറയുന്നു, ഇതിനെ നരകമെന്ന് പറയുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയെ ഓർമ്മിക്കുകയാണ്. ബാബയിൽ നിന്ന് സുഖം മാത്രമാണ് ലഭിക്കുന്നത്. ആർക്കാണോ ഒന്നും സംസാരിക്കാൻ സാധിക്കാത്തത് അവർ കേവലം ഇത് ഓർമ്മ വെയ്ക്കൂ- നമ്മൾ ആത്മാക്കളുടെ വീടാണ് ശാന്തിധാമം, സുഖധാമത്തിലാണ് സ്വർഗ്ഗത്തിന്റെ ചക്രവർത്തീപദവി ,ബാക്കി ഇതെല്ലാം ഇപ്പോൾ ദുഃഖധാമം, രാവണ രാജ്യമാണ്. ബാബയിപ്പോൾ പറയുകയാണ് ഈ ദുഃഖധാമത്തെ മറക്കൂ. ഇവിടെ കഴിഞ്ഞുകൊണ്ടും ഇത് ബുദ്ധിയിലുണ്ടായിരിക്കണം ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുണ്ടോ അതെല്ലാം രാവണ രാജ്യത്തിലേതാണ്. ഈ ശരീരത്തെ കാണുന്നു, ഇതെല്ലാം പഴയ ലോകത്തിലെ സാമഗ്രികളാണ്. ഈ മുഴുവൻ സാമഗ്രികളും ഈ യജ്ഞത്തിൽ സ്വാഹാ ആവണം. ആ പതീത ബ്രാഹ്മണർ യജ്ഞം രചിക്കുമ്പോൾ അതിൽ എള്ളും പൂവുമെല്ലാം സ്വാഹാ ചെയ്യുന്നു. ഇവിടെ എല്ലാം വിനാശമാകണം. ഉയർന്നതിലും ഉയർന്നത് ബാബയാണ്, പിന്നീട് ബ്രഹ്മാവും, വിഷ്ണുവും. ശങ്കരന് ഇത്രയും പാർട്ടില്ല. വിനാശമുണ്ടാവുക തന്നെ വേണം. ബാബ വിനാശം അദ്ദേഹത്തിലൂടെ ചെയ്യിപ്പിക്കുകയാണ് അതിലൂടെ ആരിലും ഒരു പാപവും വരുന്നില്ല. അഥവാ ഭഗവാൻ വിനാശം ചെയ്യിപ്പിക്കുന്നുവെന്ന് പറയുകയാണെങ്കിൽ ഭഗവാനു മേൽ ദോഷം വന്നു ചേരും അതുകൊണ്ട് ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇത് പരിധിയില്ലാത്ത നാടകമാണ്, ഇതിനെ ആരും അറിയുന്നില്ല. രചയിതാവിനെയും രചനയേയും ആരും അറിയുന്നില്ല. അറിയാത്തതുകാരണം ദരിദ്രരായി മാറിയിരിക്കുന്നു. നാഥനായി ആരുമില്ല. ചിലരുടെ വീട്ടിൽ അച്ഛനില്ലാതെ പരസ്പരം വഴക്കിടുമ്പോൾ പറയുന്നു നിങ്ങളുടെ വീട്ടിലെന്താ നാഥനില്ലേ! ഇപ്പോഴാണെങ്കിൽ കോടിക്കണക്കിന് മനുഷ്യരുണ്ട്, അവർക്ക് ഒരു നാഥനുമില്ല. ഒരേ വീട്ടിൽ ത്തന്നെ കുട്ടികൾ അച്ഛനോടും, ഭർത്താവ് ഭാര്യയോടും വഴക്കിട്ടുകൊണ്ടിരിക്കുന്നു. ദുഃഖധാമത്തിൽ അശാന്തിയാണ്. ഭഗവാനായ ബാബ ദുഃഖം രചിക്കുന്നുവെന്ന് പറയാൻ സാധിക്കില്ല. സുഖവും, ദുഃഖവും ഭഗവാൻ തന്നെയാണ് നൽകുന്നതെന്നാണ് മനുഷ്യർ മനസ്സിലാക്കുന്നത്. എന്നാൽ ബാബക്ക് ഒരിക്കലും ദുഃഖം നൽകാൻ സാധിക്കില്ല. ബാബ ,താൻ സുഖദാതാവാണെന്നാണ് പറയുന്നത്.പിന്നെയെങ്ങിനെ ദുഃഖം നൽകും! ബാബ പറയുകയാണ്, ഞാൻ നിങ്ങളെ വളരെ സുഖിയാക്കി മാറ്റുന്നു. ഒന്ന് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയും. നമ്മൾ ആത്മാക്കൾ വസിക്കുന്ന സ്ഥലം പരംധാമമാണ്, അതിനെ ശാന്തിധാമമെന്നും പറയുന്നു. ഈ വാക്ക് ശരിയാണ്. സ്വർഗ്ഗത്തെ പരംധാമമെന്ന് പറയുകയില്ല. പരം അർത്ഥം ഉയർന്നതിലും ഉയർന്നത്. സ്വർഗ്ഗമാണെങ്കിൽ ഇവിടെ തന്നെ ഉള്ളതാണ്. ഉയർന്നതിലും ഉയർന്നത് മൂലവതനമാണ്, അവിടെ നമ്മൾ ആത്മാക്കൾ വസിക്കുന്നു. സുഖ-ദുഖത്തിന്റെ പാർട്ട് നിങ്ങൾ ഇവിടെയാണ് അഭിനയിക്കുന്നത്. ഇവിടെ ഇന്നയാൾ സ്വർഗ്ഗത്തിലേയ്ക്ക്

പോയി എന്ന് പറയാറുണ്ട്. ഇത് തികച്ചും തെറ്റാണ്. സ്വർഗ്ഗം ഇവിടെയില്ല. ഇപ്പോൾ കലിയുഗമാണ്. ഈ സമയം നിങ്ങളെല്ലാവരും സംഗമയുഗികളാണ്, ബാക്കിയെല്ലാവരും കലിയുഗികളും. ഒരു വീട്ടിൽ തന്നെ അച്ഛൻ കലിയുഗിയാണെങ്കിൽ കുട്ടി സംഗമയുഗിയാണ്. ഭാര്യ സംഗമയുഗി, ഭർത്താവ് കലിയുഗി... എത്ര യാണ് വ്യത്യാസം. സ്ത്രീ ജ്ഞാനം എടുക്കുന്നു, പുരുഷൻ എടുക്കുന്നില്ല അതിനാൽ പരസ്പരം സഹ യോഗം കൊടുക്കുന്നില്ല. വീട്ടിൽ പ്രശ്നമുണ്ടാകുന്നു. സ്ത്രീ പുഷ്പമായി മാറുന്നു, പുരുഷൻ മുള്ളുകളു ടെയും മുള്ളായി ജീവിക്കുന്നു. ഒരു വീട്ടിൽ തന്നെ കുട്ടികൾ ഞങ്ങൾ സംഗമയുഗീ പുരുഷോത്തമ പവിത്ര ദേവതയായി മാറികൊണ്ടിരിക്കുകയാണെന്ന് മനസ്സിലാക്കുന്നു, എന്നാൽ അച്ഛൻ പറയുന്നു, വിവാഹം കഴിച്ച് നരകവാസിയായി മാറൂ. ഇപ്പോൾ ആത്മീയ അച്ഛൻ പറയുകയാണ് - കുട്ടികളേ, പവിത്രമാകൂ. ഇപ്പോഴത്തെ പവിത്രത 21 ജന്മം ഉണ്ടായിരിക്കും. ഈ രാവണ രാജ്യം അവസാനിക്കാൻ പോകുന്നതാണ്. ആരോടാണോ ശത്രുതയുണ്ടാകുന്നത് അപ്പോൾ അവരുടെ കോലം കത്തിക്കാറുണ്ടല്ലോ.രാവണനെ കത്തി ക്കുന്നത് അങ്ങിനെയല്ലേ, അപ്പോൾ ശത്രുവിനോട് എത്ര വെറുപ്പുണ്ടായിരിക്കണം. എന്നാൽ രാവണൻ ആരാണെന്ന് ആർക്കും അറിയില്ല ? വളരെയധികം ചിലവ് ചെയ്യുന്നു. മനുഷ്യരെ കത്തിക്കാൻ ഇത്രയും പൈസ ചിലവാക്കുന്നില്ല. സ്വർഗ്ഗത്തിൽ ഇങ്ങനെയുള്ള ഒരു കാര്യവും ഉണ്ടായിരിക്കുകയില്ല. അവിടെയാ ണെങ്കിൽ കറന്റിൽ വെച്ചു, അതോടെ തീർന്നു. ഇവരുടെ ചാരം പ്രയോജനത്തിൽ വരുമെന്ന ഒരു ചിന്തയും അവിടെയുണ്ടായിരിക്കില്ല. അവിടുത്തെ രീതി തന്നെ ഇങ്ങനെയുള്ളതാണ് അതിലൂടെ പ്രശ്നമോ, ബുദ്ധി മുട്ടോ നൽകുന്ന കാര്യം തന്നെ ഉണ്ടാവുന്നില്ല. ഇത്രയും സുഖമായിരിക്കു. അതിനാൽ ബാബയിപ്പോൾ മനസ്സിലാക്കിത്തരികയാണ് - എന്നെ മാത്രം ഓർമ്മിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ. ഈ ഓർമ്മ ചെയ്യുന്നത് തന്നെയാണ് യുദ്ധം. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നുകൊണ്ടേയിരിക്കുന്നു - മധുര മായ കുട്ടികളേ, തന്റെ മേൽ ശ്രദ്ധയുടെ കാവൽക്കാരനെ വെക്കൂ. മായ എവിടെയും മൂക്കും, ചെവിയും മുറിക്കരുത് കാരണം ശത്രുവാണല്ലോ. നിങ്ങൾ ബാബയെ ഓർമ്മിക്കുന്നു, മായ കൊടുങ്കാറ്റിലേക്ക് തള്ളി യിടുന്നു അതുകൊണ്ട് ബാബ പറയുകയാണ് ഓരോരുത്തരും മുഴുവൻ ദിവസത്തിന്റെയും ചാർട്ടെഴു തണം ബാബയെ എത്ര ഓർമ്മിച്ചു? എവിടേക്കെങ്കിലും മനസ്സ് പോയോ? ഡയറിയിൽ നോട്ട് ചെയ്യൂ, എത്ര സമയം ബാബയെ ഓർമ്മിച്ചൂ? തന്റെ പരിശോധന ചെയ്യണം, അപ്പോൾ മായയും നോക്കും ഇയാൾ വളരെ സമർത്ഥനാണ്, തന്റെ മേൽ വളരെ നല്ല ശ്രദ്ധ വെച്ചിരിക്കുന്നു. പൂർണ്ണമായ കാവൽ ഏർപ്പെടുത്തണം. ഇപ്പോൾ ബാബ വന്ന് നിങ്ങൾ കുട്ടികൾക്ക് പരിചയം നൽകുകയാണ്. പറയുന്നു, വീടെല്ലാം സംരക്ഷിക്കൂ കേവലം പിതാവായ എന്നെ ഓർമ്മിക്കൂ. ഇത് ഒരു സന്യാസിയെയും പോലെയല്ല. അവർ ഭിക്ഷാടനത്തിനായി പോകുന്നു എങ്കിലും കർമ്മം ചെയ്യേണ്ടി വരുമല്ലോ. നിങ്ങൾ അവർക്കും പറഞ്ഞു കൊടുക്കുന്നു നിങ്ങൾ ഹഠയോഗികളാണ്, രാജയോഗം പഠിപ്പിക്കുന്നത് ഒരേയൊരു ഭഗവാനാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ സംഗമത്തിലാണ്. ഈ സംഗമയുഗത്തെത്തന്നെ ഓർമ്മിക്കേണ്ടതുണ്ട്. നമ്മളിപ്പോൾ സംഗമയുഗത്തിൽ സർവ്വോത്തമദേവതകളായി മാറുന്നു. നമ്മൾ ഉത്തമ പുരുഷൻ അഥവാ പൂജ്യദേവത യായിരുന്നു, ഇപ്പോൾ കനിഷ്ഠരായി മാറിയിരിക്കുന്നു. ഒന്നിനും കൊള്ളാത്തവരായിരിക്കുന്നു. ഇപ്പോൾ നമ്മൾ എന്തായി മാറുന്നു, മനുഷ്യർ ഏത് സമയത്താണോ വക്കീലാവാൻ പഠിക്കുന്നത്, ആ സമയം പദ വിയൊന്നും ലഭിക്കുന്നില്ല. പരീക്ഷ പാസായി, പദവിയുടെ ട്രോഫി ലഭിച്ചശേഷം പോയി സർക്കാരിന്റെ സേവനത്തിൽ മുഴുകും. ഇപ്പോൾ നിങ്ങൾക്കറിയാം, ഉയർന്നതിലും ഉയർന്ന ഭഗവാനാണ് നമ്മളെ പഠിപ്പി ക്കുന്നത് അപ്പോൾ തീർച്ചയായും ഉയർന്നതിലും ഉയർന്ന പദവിയും നൽകും. ഇതാണ് ലക്ഷ്യം. ബാബയി പ്പോൾ പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ, ഞാൻ എന്താണോ, എങ്ങനെയാണോ, അതുപോലെ മനസ്സിലാക്കിത്തന്നു. ആത്മാക്കളുടെ പിതാവായ ഞാൻ ബിന്ദുവാണ്, എന്നിൽ മുഴുവൻ ജ്ഞാനവുമുണ്ട് ആത്മാവ് ബിന്ദുവാണെന്ന ജ്ഞാനം നിങ്ങൾക്കും മുൻപ് ഉണ്ടായിരുന്നില്ല. ബാബയിൽ മുഴുവൻ 84 ജന്മ ങ്ങളുടെയും അവിനാശി പാർട്ട് അടങ്ങിയിരിക്കുന്നു. ക്രിസ്തു പാർട്ടഭിനയിച്ച് പോയി, വീണ്ടും തീർച്ച യായും വരും അപ്പോൾ സത്യമല്ലേ. ക്രൈസ്റ്റിന്റെ എല്ലാവരും ഇപ്പോൾ പോകും. ക്രൈസ്റ്റിന്റെ ആത്മാവും ഇപ്പോൾ തമോപ്രധാനമായിരിക്കും. ഉയർന്നതിലും ഉയർന്ന ഏതെല്ലാം ധർമ്മ സ്ഥാപകരുണ്ടോ, അവർ ഇപ്പോൾ തമോപ്രധാനമാണ്. ഇങ്ങനെയും പറയുന്നുണ്ട്, ഞാൻ അനേക ജന്മങ്ങളുടെ അവസാനത്തിൽ തമോപ്രധാനമായി മാറി, ഇപ്പോൾ വീണ്ടും സതോപ്രധാനമായി മാറുന്നു. തതത്വം.

നിങ്ങൾക്കറിയാം - നമ്മളിപ്പോൾ ദേവതയായി മാറുന്നതിനുവേണ്ടി ബ്രാഹ്മണനായി മാറിയിരിക്കുകയാ ണ്. വിരാടരൂപത്തിന്റെ ചിത്രത്തിന്റെ അർത്ഥമൊന്നും ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക റിയാം, ആത്മാവ് മധുരമായ വീട്ടിലിരിക്കുമ്പോൾ പവിത്രമാണ്. ഇവിടെ വന്നതുകൊണ്ട് പതീതമായി മാറി യിരിക്കുന്നു. അപ്പോഴാണ് പറയുന്നത് - അല്ലയോ, പതീതപാവനാ.. വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ.., അങ്ങനെ ഞങ്ങൾക്ക് ഞങ്ങളുടെ വീടായ മുക്തിധാമത്തിലേക്ക് പോകാം. ഈ പോയന്റും ധാരണ ചെയ്യു ന്നതിന് വേണ്ടിയുള്ളതാണ്. മുക്തി-ജീവൻമുക്തിയെന്ന് എന്തിനെയാണ് പറയുന്നതെന്ന് മനുഷ്യർക്ക് അറി

യില്ല. മുക്തിധാമത്തെ ശാന്തിധാമമെന്നും, ജീവൻ മുക്തിധാമത്തെ സുഖധാമമെന്നും പറയുന്നു. ഇവിടെ ദുഃഖത്തിന്റെ ബന്ധനമാണ്. ജീവൻ മുക്തിയെ സുഖത്തിന്റെ സംബന്ധമെന്ന് പറയും. ഇപ്പോൾ ദുഃഖത്തിന്റെ ബന്ധനം ദൂരെയായി. നമ്മൾ ഉയർന്ന പദവി നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു. അതിനാൽ ഈ ലഹരിയുണ്ടായിരിക്കണം, നമ്മളിപ്പോൾ ശ്രീമതത്തിലൂടെ തന്റെ രാജ്യഭാഗ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ജഗദംബ നമ്പർവണ്ണിലേക്ക് പോകുന്നു. നമ്മളും ജഗദംബയെ പിൻതുടരും. ഏത് കുട്ടികളാണോ ഇപ്പോൾ മാതാ-പിതാവിന്റെ ഹൃദയത്തിൽ കയറുന്നത് അവരേ ഭാവിയിലെ സിംഹാസനധാരിയാകൂ. ആരാണോ രാവും പകലും സേവനത്തിൽ ബിസിയായിരിക്കുന്നത് അവർ ഹൃദയത്തിൽ കയറുന്നു. എല്ലാവർക്കും സന്ദേശം നൽകണം, ബാബയെ ഓർമ്മിക്കൂ.... പണവും, സമ്പത്തും ഒന്നും സ്വീകരിക്കേണ്ടതില്ല. അവർ മനസ്സിലാക്കുന്നു, ഇവർ രാഖി ബന്ധിക്കാൻ വരുന്നു, എന്തെങ്കിലും കൊടുക്കേണ്ടി വരും. പറയൂ, ഞങ്ങൾക്ക് ഒന്നും ആവശ്യമില്ല കേവലം 5 വികാരങ്ങളെ ദാനം നൽകൂ. ഈ ദാനം വാങ്ങിക്കുന്നതിന് വേണ്ടിയാണ് ഞങ്ങൾ വന്നിരിക്കുന്നത് അതുകൊണ്ടാണ് പവിത്രതയുടെ രാഖി ബന്ധിക്കുന്നത്. ബാബയെ ഓർമ്മിക്കൂ.., പവിത്രമാകൂ അപ്പോൾ ഇങ്ങനെ (ദേവത) ആകാം. ബാക്കി ഞങ്ങൾക്ക് പണമൊന്നും തന്നെ സ്വീകരിക്കാൻ സാധിക്കില്ല. ഞങ്ങൾ ആ ബ്രാഹ്മണരല്ല. കേവലം 5 വികാരങ്ങളെ ദാനം നൽകൂ.. അപ്പോൾ ഗ്രഹണത്തിൽ നിന്നും മുക്തമാകും. ഇപ്പോൾ ഒരു കലയുമില്ല. എല്ലാവരെയും ഗ്രഹണം ബാധിച്ചിക്കുകയാണ്. നിങ്ങൾ ബ്രാഹ്മണരാണല്ലോ. എവിടെ വേണമെങ്കിലും പോകൂ - പറയൂ, ദാനം നൽകൂ എങ്കിൽ ഗ്രഹണം ഇല്ലാതാകും. പവിത്രമാകൂ. വികാരത്തിലേക്ക് ഒരിക്കലും പോകരുത്. ബാബയെ ഓർമ്മിക്കൂ.. അപ്പോൾ വികർമ്മം വിനാശമാകും, നിങ്ങൾ പുഷ്പമായി മാറും. നിങ്ങളും പുഷ്പമായിരുന്നു പിന്നീട് മുള്ളായി മാറിയിരിക്കുകയാണ്. 84 ജന്മങ്ങളെടുത്തെടുത്ത് വീണിരിക്കുകയാണ്. ഇപ്പോൾ തിരിച്ച് പോകണം. ബാബ ഇദ്ദേഹത്തിലൂടെ നിർദ്ദേശം നൽകുന്നു. ബാബ ഉയർന്നതിലും ഉയർന്ന ഭഗവാനാണ്. ബാബക്ക് ശരീരമില്ല. ശരി, ബ്രഹ്മാ-വിഷ്ണു-ശങ്കരന് ശരീരമുണ്ടോ? നിങ്ങൾ പറയും - അതെ, സൂക്ഷ്മ ശരീരമുണ്ട്. എന്നാൽ അത് മനുഷ്യ സൃഷ്ടിയല്ല. മുഴുവൻ കളിയും ഇവിടെയാണ്. സൂക്ഷ്മവതനത്തിലെങ്ങനെ നാടകം നടക്കും? ഏതുപോലെയാണോ മൂലവതനത്തിൽ സൂര്യ-ചന്ദ്രന്മാർ ഇല്ലാത്തത് അപ്പോൾ നാടകമെവിടെയായരിക്കും! ഇത് വളരെ വലിയ സ്റ്റേജാണ്. പുനർജന്മവും ഇവിടെയാണുണ്ടാവുന്നത്. സൂക്ഷ്മവതനത്തിലുണ്ടാകുന്നില്ല. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ പരിധിയില്ലാത്ത മുഴുവൻ കളിയുമുണ്ട്. ഇപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നു - നമ്മൾ ദേവീ ദേവതയായിരുന്നു പിന്നീട് എങ്ങനെ നമ്മൾ വാമ മാർഗ്ഗത്തിൽ വരുന്നു. വാമമാർഗ്ഗമെന്ന് വികാരി മാർഗ്ഗത്തെയാണ് പറയുന്നത്. പകുതി കൽപം നമ്മൾ പവിത്രമായിരുന്നു, നമ്മുടേത് വിജയത്തിന്റെയും, തോൽവിയുടെയും കളിയാണ്. ഭാരതം അവിനാശി ഖണ്ഢമാണ്. ഇതൊരിക്കലും വിനാശമാകുന്നില്ല. ആദിസനാതന ദേവീ ദേവതാ ധർമ്മമായിരുന്നു അപ്പോൾ മറ്റൊരു ധർമ്മവുമുണ്ടായിരുന്നില്ല. ആരാണോ നിങ്ങളുടെ ഈ കാര്യങ്ങൾ അംഗീകരിക്കുക അവർ കൽപം മുൻപും അംഗീകരിച്ചവരായിരിക്കും. 5000 വർഷം കൊണ്ട് പഴയതായ ഒരു വസ്തവുമുണ്ടായിരിക്കില്ല. വീണ്ടും നിങ്ങൾ സത്യയുഗത്തിൽ ആദ്യം പോയി തന്റെ കൊട്ടാരമുണ്ടാക്കും.സ്വർണ്ണത്തിന്റെ ദ്വാരക ഏതോ സമുദ്രത്തിന്റെ താഴെയാണ് അത് പുറത്ത് വരും,എന്നൊന്നുമല്ല. സാഗരത്തിൽ നിന്നും ദേവതകൾ രത്നങ്ങളുടെ തളികകൾ നിറച്ച് നൽകുന്നുവെന്ന് കാണിച്ചിരിക്കുന്നു. വാസ്തവത്തിൽ ജ്ഞാനസാഗരനായ ബാബ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനരത്നങ്ങളുടെ തളികകൾ നിറച്ച് നൽകിക്കൊണ്ടിരിക്കുന്നു. ശങ്കരൻ പാർവ്വതിക്ക് കഥ കേൾപ്പിച്ചുവെന്ന് കാണിച്ചിരിക്കുന്നു. ജ്ഞാനരത്നങ്ങളാൽ സഞ്ചി നിറച്ചു. ശങ്കരനെ പ്രതി പറയുന്നു - കാളകൂടവിഷം കുടിച്ചു, പിന്നീട് അദ്ദേഹത്തിന്റെ മുന്നിൽ പോയി സഞ്ചി നിറച്ചു തരൂ, ഞങ്ങൾക്ക് ധനം തരൂ എന്നും പറയുന്നു. അപ്പോൾ നോക്കൂ, ശങ്കരനും ഗ്ലാനി നൽകിയിരിക്കുന്നു. എന്റെ ഗ്ലാനിയാണ് ഏറ്റവും കൂടുതൽ ചെയ്തിരിക്കുന്നത്. ഇതും കളിയാണ് അത് വീണ്ടും സംഭവിക്കും. ഈ നാടകത്തെ ആരും അറിയുന്നില്ല. ഞാൻ വന്ന് ആദ്യം മുതൽ അവസാനം വരെയുള്ള മുഴുവൻ രഹസ്യവും മനസ്സിലാക്കിത്തരുന്നു. ഉയർന്നതിലും ഉയർന്നത് ബാബയാണ് എന്നതും അറിയാം. വിഷ്ണുവിൽ നിന്ന് ബ്രഹ്മാ, ബ്രഹ്മാവിൽ നിന്ന് വിഷ്ണുവായി മാറുന്നതെങ്ങനെയാണ് - ഇതാർക്കും മനസ്സിലാക്കാൻ സാധിക്കില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾ പുരുഷാർത്ഥം ചെയ്യുകയാണ് ഞങ്ങൾ വിഷ്ണുവിന്റെ കുലത്തിലേതാകും. വിഷ്ണുപുരിയിലെ അധികാരിയാകുന്നതിന് വേണ്ടി നിങ്ങൾ ബ്രാഹ്മണനായി മാറിയിരിക്കുന്നു. നിങ്ങളുടെ മനസ്സിലുണ്ട് - നമ്മൾ ബ്രാഹ്മണർ നമുക്കു വേണ്ടി ശ്രീമതത്തിലൂടെ സൂര്യവംശീ-ചന്ദ്രവംശീ രാജധാനി സ്ഥാപിചച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ യുദ്ധത്തിന്റെ ഒരു കാര്യവുമില്ല. ദേവതകളും അസുരന്മാരും തമ്മിൽ ഒരിക്കലും യുദ്ധം ഉണ്ടാകുന്നില്ല. ദേവതകൾ സത്യയുഗത്തിലാണ്. അവിടെ യുദ്ധമെങ്ങനെയുണ്ടാകും. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണർ യോഗബലത്തിലൂടെ വിശ്വത്തിന്റെ അധികാരിയായി മാറുകയാണ്. ബാഹുബലമുള്ളവർ വിനാശം പ്രാപ്തമാക്കും. നിങ്ങൾ ശാന്തിയുടെ ബലം കൊണ്ട് സയൻസിന്റെ

മേൽ വിജയം നേടുന്നു. ഇപ്പോൾ നിങ്ങൾക്ക് ആത്മാഭിമാനിയായി മാറണം. നമ്മൾ ആത്മാക്കളാണ്, നമുക്ക് നമ്മുടെ വീട്ടിലേക്ക് തിരിച്ച് പോകണം. ആത്മാക്കൾ തീക്ഷ്ണമാണ്. ഇപ്പോൾ വിമാനങ്ങൾ ഒരു മണിക്കൂർ കൊണ്ട് എവിടെ നിന്ന് എവിടേക്കെല്ലാം പോകുന്നു. ആത്മാക്കൾ അതിലും തീക്ഷ്ണമാണ്. ഭൂമിയിൽ ആത്മാവ് എവിടെയും പോയി ജന്മമെടുക്കുന്നു. ചിലർ വിദേശത്ത് പോയും ജന്മമെടുക്കുന്നു. ആത്മാവ് ഏറ്റവും തീക്ഷ്ണമായ റോക്കറ്റാണ്. ഇതിൽ മെഷിനറീ മുതലായവയുടെ ഒരു കാര്യവുമില്ല. ശരീരം ഉപേക്ഷിച്ചു അത് രക്ഷപ്പെട്ടു. നമുക്ക് വീട്ടിലേക്ക് തിരിച്ച് പോകണമെന്ന് ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്, പതീത ആത്മാക്കൾക്ക് പോകാൻ സാധിക്കില്ല. നിങ്ങൾ പാവനമായിത്തന്നെ പോകും, ബാക്കി എല്ലാവരും ശിക്ഷകളനുഭവിച്ചും പോകും. ശിക്ഷകൾ ഒരുപാട് ലഭിക്കുന്നു. അവിടെയാണെങ്കിൽ നിങ്ങൾ ഗർഭകൊട്ടാരത്തിൽ സുഖത്തോടുകൂടിയിരിക്കുന്നു. കൃഷ്ണന്റെ ജൻമം എങ്ങിനെയാണ് ഉണ്ടാവുന്നത് എന്ന് കുട്ടികൾ സാക്ഷാത്ക്കാരം ചെയ്യുന്നു, ഒരു അശുദ്ധിയുടെയും കാര്യമില്ല. തീർത്തും പ്രകാശമയമാകുന്നു. ഇപ്പോൾ നിങ്ങൾ വൈകുണ്ഢത്തിന്റെ അധികാരികളാകുകയാണ് അതിനാൽ അങ്ങനെയുള്ള പുരുഷാർത്ഥം ചെയ്യണം. ശുദ്ധമായ പവിത്രമായ ഭക്ഷണ പാനീയങ്ങളായിരിക്കണം. പരിപ്പും ചോറും ഏറ്റവും നല്ലതാണ്. ഋഷികേശിൽ സന്യാസിമാർ ഒരു ജനലിലൂടെ സ്വീകരിച്ച് പോകുന്നു, ഓരോരുത്തരും ഓരോ തരത്തിലായിരിക്കുമല്ലോ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുളള മുഖ്യ സാരം:-**

1) തന്റെ മേൽ ശ്രദ്ധയുടെ പരിപൂർണ്ണമായ കാവൽ നൽകണം. മായയിൽ നിന്ന് തന്നെ സംരക്ഷിക്കണം. ഓർമ്മയുടെ സത്യം സത്യമായ ചാർട്ട് വെയ്ക്കണം.

2) മാതാ-പിതാവിനെ പിൻതുടർന്ന് ഹൃദയ സിംഹാസനധാരിയായി മാറണം. രാവും പകലും സേവനത്തിൽ തത്പരരായിരിക്കണം. എല്ലാവർക്കും സന്ദേശം നൽകണം, ബാബയെ ഓർമ്മിക്കൂ..... 5 വികാരങ്ങളെ ദാനം ചെയ്ത് ഗ്രഹണത്തിൽ നിന്നും മുക്തമാകൂ...

## വരദാനം- വിവേകത്തിന്റെയും,സാരത്തിന്റെയും ബാലൻസിലൂടെ ഞാനെന്നഭാവത്തെ സ്വാഹാചെയ്യുന്ന വിശ്വപരിവർത്തകരായി ഭവിക്കട്ടെ.

വിവേകമെന്നാൽ ജ്ഞാനത്തിന്റെ പോയന്റ്സ്,തിരിച്ചറിവ് എന്നാണർത്ഥം.സാരമെന്നാൽ സർവ്വശക്തിസ്വരൂപത്തിന്റെ സ്മൃതിയും,സമർത്ഥസ്വരൂപവും. ഇവ രണ്ടിന്റെയും ബാലൻസുണ്ടെങ്കിൽ ഞാനെന്നഭാവം അഥവാ പഴയസംസ്ക്കാരങ്ങൾ സ്വാഹാ ആകും.ഓരോ സെക്കന്റും,ഓരോ സങ്കൽപവും,ഓരോ വാക്കും, ഓരോ കർമ്മവും വിശ്വപരിവർത്തനത്തിനായി സ്വാഹാ ചെയ്യുന്നതിലൂടെ സ്വതവേ വിശ്വപരിവർത്തകരായി മാറും.ആരാണോ തന്റെ ദേഹത്തിന്റെ ഓർമ്മസഹിതം സ്വാഹാ ആകുന്നത് അവരുടെ ശ്രേഷ്ഠ വൈബ്രേഷനിലൂടെ വായുമണ്ഢലത്തിന്റെ പരിവർത്തനം സഹജമായി നടക്കുന്നു.

## സ്ലോഗൻ: പ്രാപ്തികളെക്കുറിച്ചോർമ്മിക്കുകയാണെങ്കിൽ ദു:ഖത്തിന്റെയും ,വിഷമതകളുടേയും കാര്യങ്ങൾ മറന്നുപോകും...

**അവ്യക്തസൂചന-ആത്മീയമായ അന്തസ്സിന്റെയും,പവിത്രതയുടേയും വ്യക്തിത്വത്തെ ധാരണ ചെയ്യൂ...**
ശ്രേഷ്ഠകർമ്മങ്ങളുടെ ഫൗണ്ടേഷനാണ് പവിത്രത.പവിത്രതയെന്നാൽ വെറും ബ്രഹ്മചര്യം മാത്രമല്ല.ബ്രഹ്മചര്യവും ശ്രേഷ്ഠമാണ്,എന്നാൽ മനസ്സിൽ സങ്കൽപങ്ങളിൽപ്പോലും ഏതെങ്കിലും ഒരു ആത്മാവിനോട് പ്രത്യേകമായ ആകർഷണമോ,അടുപ്പമോ ഉണ്ടാകുകയാണെങ്കിലോ,ഏതെങ്കിലും ആത്മാവിന്റെ വിശേഷതകളിൽ പ്രഭാവിതമാകുകയോ അല്ലെങ്കിൽ അവരെക്കുറിച്ച് നെഗറ്റീവായ സങ്കൽപങ്ങൾ വരുകയോ,മര്യാദാപൂർവ്വമല്ലാത്ത വാക്കുകളോ, സംസാരമോ ഉണ്ടാകുകയോ ചെയ്താൽ അതിനെ പവിത്രത എന്ന് പറയുകയില്ല.